Government Order R. Dis. No. 2366/37/Rev.

* 1638. [4] † **Shri N. Ganapathy**: Will the Minister for Land Revenue be pleased to state:

(a) has the Travancore Government Order R. Dis. No. 2366/37/ Rev. dated 4-12-1937 Rule 9 (a) and 9 (b) been tampered with by removing the word 'minimum'; and

(b) why was such an order issued?

Minister for Land Revenue (**Smt. K. R. Gouri**) :

(a) Yes.

(b) In Rule 9 (a) of the Cardamom Registry Rules of 1935, the minimum rate of tharavila for lands assigned without action from the Cardamom Hills and Periyar Reserves was fixed as Rs. 85 per acre. So also in Rule 9 (b) the minimum rate for lands round Chinnakkal thavalom and in Pallivasal village was fixed at Rs. 60 per acre. The Travancore Government thought that it is inexpedient to adopt varying rates of tharavila in respect of Cardamom lands in the same area. So, the words 'minimum' was deleted from Rules 9 (a) and (b) of the Cardamom Rules of 1935, so that the rate become uniform in each locality.

റോഡു് പുറംപോക്കിലെ അനധികൃതമായ പ്രവേശനം.

* 1689. [5] ശ്രീ. എം. എം. മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു് പല സ്ഥലത്തും പബ്ലിക്കു് റോഡിന്റെ സൈഡിൽ റോഡു് സംരക്ഷണം ആവശ്യമുള്ള സ്ഥലങ്ങളിൽ അനധികൃതമായി പ്രവേശിച്ചു് അനവധി ആളുകൾ കുടിൽകെട്ടി താമസിച്ചുവരുന്നതായറിയാമോ;

(ബി) അങ്ങനെ താമസിക്കുന്നവർ എത്രയെന്നു് പറയുമോ; അങ്ങനെയുള്ള താമസങ്ങൾ ഗവണ്മെൻറു് അംഗീകരിച്ചു കൊടുത്തിട്ടുണ്ടോ;

(സി) അങ്ങനെ പുതുതായി ആളുകൾ പുരവെച്ചു പ്രവേശിക്കുമ്പോൾ റവന്യൂ ഉദ്യോഗസ്ഥന്മാരോ പി. ഡബ്ലിയു. ഡി. ഉദ്യോഗസ്ഥന്മാരോ ആ വിവരം റിപ്പോർട്ടു ചെയ്യുകയോ എന്തെങ്കിലും മറ്റു നടപടികൾ നടത്തുകയോ ചെയ്യാറുണ്ടോ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. ടി. അബ്ദുൽ മജീദു്):

(എ) ചില സ്ഥലങ്ങളിൽ ആളുകൾ കുടിൽകെട്ടി താമസിച്ചുവരുന്നതായി അറിയാം.

(ബി) അങ്ങനെ താമസിക്കുന്നവരുടെ വിവരം ശേഖരിച്ചു വരികയാണു്. അങ്ങനെയുള്ള താമസം ഗവണ്മെൻറു് അംഗീകരിച്ചുകൊടുത്തിട്ടില്ല.

(സി) പുതിയതായി ആളുകൾ പുറമ്പോക്കുസ്ഥലത്തു പുരവച്ചു താമസിക്കുമ്പോൾ റവന്യൂ ഉദ്യോഗസ്ഥന്മാരും, പി. ഡബ്ലിയു. ഉദ്യോഗസ്ഥന്മാരും ആ വിവരം റിപ്പോർട്ടുചെയ്യുകയും, അങ്ങനെ പ്രവേശിച്ചവരെ ഒഴിപ്പിക്കുന്നതിനുവേണ്ട നടപടികൾ എടുത്തുവരികയും ചെയ്യാറുണ്ടു്.

† As the member was absent this question was put by Shri K. Kunhambu, with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എ. മാത്യു : പബ്ലിക് റോഡിന്റെ സൈഡിൽ താമസിക്കുന്നവരെ ഒഴിപ്പിക്കുവാൻ ഉത്തരവുകൊടുത്തിട്ടും ഒഴിപ്പിക്കാതിരിക്കുന്നതായി ഗവണ്മെന്റിനറിയാമോ ?

ശ്രീ. ടി. അബ്ദുൽ മജീദ് : പറയാൻ നിവൃത്തിയില്ല.

ശ്രീ. സി. എ. മാത്യു : റവന്യൂഭൂമി വിതരണംചെയ്യുമ്പോൾ റോഡു പുറമ്പോക്കിൽ പുരവച്ചുതാമസിക്കുന്ന ആളുകൾക്ക് മുൻഗണന കൊടുക്കുമോ ?

ശ്രീമതി കെ. ആർ. ഗൗരി : കോട്ടയം-കുമളി റോഡിന്റെ സൈഡുകളിൽ താമസിക്കുന്ന ആളുകളെ അവിടെനിന്നു മാറ്റിപ്പാർപ്പിക്കുന്നതിനു് ഒരു സ്കീം തയാറാക്കുവാൻ ഏർപ്പാടു ചെയ്തിട്ടുണ്ടു്.

ശ്രീ. ടി. ഒ. ബാവ : നാഷണൽ ഹൈവേയുടെ ആവശ്യത്തിലേക്കു് ആലുവായിൽ എടുത്ത ഒരുസ്ഥലത്തു് 100-ൽ പരം കുടുംബക്കാർ കേറി പൂരവെച്ചിരിക്കുന്നുവെന്നു് പബ്ലിക്ക് വർക്സ് ഉദ്യോഗസ്ഥന്മാരും, റവന്യൂ ഉദ്യോഗസ്ഥന്മാരും റിപ്പോർട്ടു ചെയ്തിട്ടും അവരെ അവിടെനിന്നും ഒഴിവാക്കുന്നതിനു് നടപടികളൊട്ടുത്തിട്ടില്ലെന്നറിയാമോ ?

ശ്രീ. ടി. അബ്ദുൽ മജീദ് : അതിനെക്കുറിച്ചു് അന്വേഷിക്കാം.

ശ്രീ. ആർ. സുഗതൻ : കൊല്ലത്തോട്ടു് എന്ന സ്ഥലത്തു് കുറെ ആളുകൾ പുറമ്പോക്കിൽ പുരവെച്ചു താമസിക്കുന്നുണ്ടു്. അവർ മദ്രാശിയിൽനിന്നു വന്ന ആളുകളാണു്. അന്യനാട്ടിൽനിന്നു് ആളുകൾവന്നു് നമ്മുടെ പുറമ്പോക്കിൽ കയറാതിരിക്കുവാൻ വേണ്ട നടപടിയെങ്കിലും സ്വീകരിക്കുമോ ?

ശ്രീ. ടി. അബ്ദുൽ മജീദ് : എന്തു ചെയ്യുവാൻ കഴിയുമെന്നു് പരിശോധിക്കാം.

ശ്രീ പി. രാമുണ്ണിക്കുറുപ്പു് : റോഡു് പുറമ്പോക്കിൽ ഇത്ര മൈൽ അകലത്തിൽ എത്ര ആളുകൾ താമസിക്കുന്നുണ്ടെന്നറിയാമോ ?

ശ്രീമതി കെ. ആർ. ഗൗരി : കോട്ടയം - കുമിളി റോഡിന്റെ പാർശ്വങ്ങളിൽ അധികം ആളുകൾ താമസിക്കുന്നുണ്ടു്. അതു് ഇന്നും ഇന്നലെയും തുടങ്ങിയതല്ല.

ശ്രീ. പൊന്നറ ജി. ശ്രീധർ : വളരെ പ്രധാനമായിട്ടുള്ള റോഡുകളുടെ പുറമ്പോക്കുകളിൽ താമസിക്കുന്നവരെ ഉടനെ മാറ്റാൻ നടപടിയെടുക്കുമോ?

ശ്രീമതി കെ. ആർ. ഗൗരി : ഇപ്പോൾ പ്രധാന റോഡുകളിൽ റോഡിനു വീതി കൂട്ടേണ്ടിവരുന്ന സ്ഥലങ്ങളിൽ അതിനുവേണ്ടി സ്ഥലം അക്വയർചെയ്തു് അവരെ മാറ്റുകയാണു്.

ശ്രീ. പൊന്നറ ജി. ശ്രീധർ: തിരുവനന്തപുരം പട്ടണത്തിലെ പ്രധാന റോഡുകളുടെ പുറമ്പോക്കിൽ താമസിക്കുന്നവരെ ഉടനെ മാറ്റുമോ ?

ശ്രീമതി കെ. ആർ. ഗൗരി: റോഡിൽ ആളുകൾ താമസമില്ല. റോഡിൽ കൂടി വണ്ടി ഓടുന്നുണ്ടു്.

ശ്രീ. പൊന്നറ ജി. ശ്രീധർ: റോഡിൽ താമസിക്കുന്നുണ്ടോ വീട്ടിൽ താമസിക്കുന്നുണ്ടോ എന്നല്ല ചോദിച്ചതു്. അങ്ങനെ പ്രധാന റോഡു പുറമ്പോക്കുകളിൽ താമസിക്കുന്നവരെ ഞാൻ പൂണ്ടിക്കാണിച്ചുതരാം. അതിനു് റിക്കാഡ്സ് ഒന്നും അവശ്യമില്ല. അങ്ങനെയുള്ളവരെ മാറ്റാൻ നടപടിയെടുക്കുമോ എന്നാണു് ചോദിച്ചതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി: റോഡും വീതി കൂട്ടേണ്ട കാര്യം ചോദിച്ചിട്ടു റോഡിന്റെ പുറമ്പോക്കുകളിൽ താമസിക്കുന്നവരുടെ കാര്യം മനസ്സിൽവച്ചുകൊണ്ടു റോഡിൽ താമസിക്കുന്നവരെപ്പറ്റിയാണു ചോദിച്ചതു. അതുകൊണ്ടു റോഡിൽ താമസമില്ല എന്നു പറഞ്ഞതാണു. റോഡു പുറമ്പോക്കുകൾ അങ്ങനെ എവിടെയൊക്കെയാണെന്നു കണക്കെടുപ്പിച്ചു അവരെ മാറ്റാൻ നോക്കാം.

ശ്രീ. തോമസ് ജോൺ: അങ്ങനെ റോഡു പുറമ്പോക്കിൽ താമസിക്കുന്നവരെ മാറ്റേണ്ടിവന്നാൽ അവരെ താമസിപ്പിക്കുന്നതിനു വേറെ സ്ഥലം എടുത്തു സഹകരണപ്പെടുത്തുന്നതിനു ഗവണ്മെന്റാലോചിക്കുന്നുണ്ടോ?

ശ്രീ. ടി. അബ്ദുൽ മജീദ്: അക്കാര്യമാണു ഇതുയും നേരമായി പറയുന്നതു.

ശ്രീ. തോമസ് ജോൺ: അങ്ങനെ ഒരു സ്കീം വേണമെന്നു തോന്നുന്നുണ്ടോ?

(ഉത്തരമില്ല)

സഹകാരിസംഘങ്ങളും അഗ്രികൾച്ചറൽ ഫാമിങ്ങും കോവാപ്പൊറേറ്റീവു സൊസൈറ്റികളും.

✻ 1690. [6] ശ്രീ. പി. എസ്. കാത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

കാർഷികബന്ധബിൽ നിയമസഭയിൽ അവതരിപ്പിച്ചതിനുശേഷം നാളിതുവരെ എത്ര സഹകാരിസംഘങ്ങളും എത്ര അഗ്രികൾച്ചറൽ ഫാമിങ്ങും കോവാപ്പൊറേറ്റീവു സൊസൈറ്റികളും ഈ സംസ്ഥാനത്തു രജിസ്റ്റരാക്കിയിട്ടുണ്ടെന്നു പറയാമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

59 അഗ്രിക്കൾച്ചറൽ ഫാമിങ്ങു കോവാപ്പൊറേറ്റീവു സൊസൈറ്റികളും ഈ രാജ്യത്തു രജിസ്റ്റർ ചെയ്യാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

യോഗീശ്വരസമുദായം.

✻ 1691. [7] ശ്രീ. ആർ. ബാലകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) പിന്നാക്ക സമുദായങ്ങളുടെ പട്ടികയിൽ യോഗീശ്വരൻ എന്ന സമുദായം ഉൾപ്പെട്ടുന്നുണ്ടോ;

(ബി) യോഗീശ്വരസമുദായക്കാർക്കു 1958-59-ലെ അദ്ധ്യയനവർഷം വരെയും വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകിവന്നിട്ടുണ്ടോ;

(സി) 1959-ൽ ആരംഭിക്കുന്ന അദ്ധ്യയന വർഷത്തിൽ ഫീസാനുകൂല്യത്തിനുവേണ്ടി താല്പര്യതഹശീൽദാരന്മാർ യോഗീശ്വരസമുദായക്കാർക്കു സർട്ടിഫിക്കറ്റു നൽകാൻ വിസമ്മതിക്കുന്ന വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ഡി) യോഗീശ്വരസമുദായക്കാർക്കു നിലവിലിരുന്ന ആനുകൂല്യങ്ങൾ നഷ്ടപ്പെട്ടുവാൻ ഉണ്ടായ കാരണമെന്തെന്നു ഗവണ്മെന്റു അന്വേഷിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly